പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2072 17.02. 2016 ൽ മറുപടിക്ക്

## വൈദ്യുതി ദുരുപയോഗം

| ചോദ്യം<br>ശ്രീ. പി.കെ.ബഷീർ | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് വിവിധ തരത്തിലുള്ള വൈദ്യുതി ദുരുപയോഗം തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) വൈദ്യുതി ബോർഡ് ലിമിറ്റഡിൽ ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ വൈദ്യുതി മോഷണം തടയുന്നതിനായി ആവശ്യം വേണ്ട സജ്ജീകരണങ്ങളോടു കൂടി 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ സെക്ഷൻ തലത്തിലും, ഡിവിഷൻ തലത്തിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തി വരുന്നുണ്ട്. സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി ദുരുപയോഗം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ പത്ര മാധ്യമങ്ങൾ മുഖേന വൈദ്യുതി മോഷണം സംബന്ധിച്ച് പൊതു ജനങ്ങൾക്ക് വിവരങ്ങൾ വിളിച്ച് അറിയിക്കുന്നതിനുള്ള ബന്ധപ്പെട്ട നമ്പരുകൾ പ്രസിദ്ധപ്പെടുത്തി പ്രചാരം നല്കുന്നുണ്ട്. ഇതു കൂടാതെ ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് സൂചിപ്പിക്കുവാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് മീറ്റർ സീലുകൾ ഉപയോഗിക്കുകയും ചെയ്തു വരുന്നു.<br>എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് സഹായകമായി ആധുനിക സംവിധാനങ്ങളുള്ള ഡിജിറ്റൽ ക്യാമറ, അക്യുചെക്ക്, കോമൺ മീറ്റർ റീഡിങ്ങ് ഉപകരണം, ടോങ് ടെസ്റ്റർ, മൾട്ടി മീറ്റർ തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. |
| (ബി) വൈദ്യുതി മോഷണം സംബന്ധിച്ച് വിവരം നൽകുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്ന | (ബി) ഉണ്ട്. 03.03.2006-ലും 03.04.2013-ലും ബോർഡ് ഇത് സംബന്ധിച്ച് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഇതിലൂടെ 57 മോഷണക്കേസുകൾ കണ്ടെത്തുകയും 44,37,836/- രൂപ |

| | |
|---|---|
| മുതലാണ് പ്രഖ്യാപിച്ചത്; ഇതിലൂടെ എത്ര മോഷണക്കേസ്സുകൾ കണ്ടെത്തി; എന്ത് തുക ഇതിലൂടെ പിഴയിനത്തിൽ ഈടാക്കി; എന്ത് തുക പാരിതോഷികമായി നൽകി, വിശദാംശം ലഭ്യമാക്കുമോ? | പിഴയിനത്തിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>പാരിതോഷികമായി നൽകിയ തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>(1) പരപ്പനങ്ങാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 25132 നമ്പരായുള്ള ഉപഭോക്താവ് വൈദ്യുതി മോഷണം നടത്തുന്നതായി ലഭിച്ച സൂചനയുടെ അടിസ്ഥാനത്തിൽ മലപ്പുറം എ.പി.റ്റി.എസ്. സ്ക്വാഡ് 23.02.2013-ന് ടി സ്ഥലം പരിശോധിക്കുകയും 92,721/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തുകയും ചെയ്തു. ഈ തുകയുടെ 5% ആയ 4,636/- രൂപ വിവരം നൽകിയ ആൾക്ക് ബോർഡ് പാരിതോഷികമായി നൽകുകയുണ്ടായി.<br>(2) തൊടുപുഴ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 12012 നമ്പരായുള്ള ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. വാഴത്തോപ്പ് യൂണിറ്റ് 02.08.2014-ന് പരിശോധന നടത്തി 1,99,445/- രൂപയുടെ വൈദ്യുതി മോഷണം കണ്ടെത്തി. സൂചന നൽകിയ വ്യക്തിക്ക് ഈ തുകയുടെ 5% ആയ 9,972/- രൂപ നൽകിയിട്ടുണ്ട്.<br>(3) പന്തളം ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 20481 നമ്പരായുള്ള ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. തിരുവല്ല യൂണിറ്റ് 12.12.2014-ന് പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും 90,745/- രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി ഈടാക്കുകയും ആയതിന്റെ 5% വരുന്ന 4,537/- രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകുകയുമുണ്ടായി.<br>(4) കോലയാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള 1898 നമ്പർ ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. കണ്ണൂർ യൂണിറ്റ് 04.10.2014-ന് പരിശോധിച്ച് വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 56,345/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയുടെ 5% ആയ 2,817/-രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്. |

| | |
|---|---|
| | (5) കക്കയങ്ങാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള കൺസ്യൂമർ നമ്പർ 2134-ൽ എ.പി.റ്റി.എസ്. കണ്ണൂർ യൂണിറ്റ് 03.12.2014-ന് പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 66,366/- രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ തുകയുടെ 5% ആയ 3,468/-രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്.<br>(6) നാദാപുരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 2078 നമ്പർ ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും എ.പി.റ്റി.എസ്. കോഴിക്കോട് യൂണിറ്റ് 17.03.2015-ന് പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 70,658/- രൂപ ഈടാക്കുകയും ചെയ്തു. ഈ തുകയുടെ 5% ആയ 3,533/-രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്.<br>(7) കടുതുരുത്തി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലുള്ള 20435 നമ്പർ ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും കോട്ടയം എ.പി.റ്റി.എസ്. പരിശോധന നടത്തി വൈദ്യുതി മോഷണം കണ്ടെത്തുകയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിഴയായി 4,38,757/- രൂപ ഈടാക്കുകയും ചെയ്തു. ഈ തുകയുടെ 5% ആയ 21,937/- രൂപ സൂചന നൽകിയ വ്യക്തിക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.